# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1783

### 04-05-2017 ൽ മറുപടിക്ക്

**കിഫ്ബി**

| ചോദ്യം<br><br>ശ്രീമതി. യു. പ്രതിഭ ഹരി | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| 2017-18 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ കിഫ്ബിയിൽ നിന്ന് ജില്ലാ, താലൂക്ക്, ജനറൽ ആശുപത്രികൾക്ക് 2000 കോടി രൂപ നിക്ഷേപം പുതുതായി അനുവദിച്ചിരുന്നതിൽ ഏതൊക്കെ ആശുപത്രികളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനാണ് അടിയന്തര മുൻഗണന നൽകുന്നത് എന്ന് വിശദമാക്കാമോ? | 2017-18 ലെ ബഡ്ജറ്റ് പ്രസംഗത്തിലെ 32-ാം ഖണ്ഡികയിൽ കിഫ്ബിയിൽ നിന്ന് ജില്ലാ, താലൂക്ക്, ജനറൽ ആശുപത്രികളിൽ 2000 കോടി രൂപ നിക്ഷേപം അനുവദിക്കുന്നതായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുപ്രകാരം കോഴിക്കോട് ബീച്ച് ആശുപത്രി, മഞ്ചേരി ജനറൽ ആശുപത്രി, ആലപ്പുഴ ജനറൽ ആശുപത്രി, മഞ്ചേരി മെഡിക്കൽ കോളേജ്, പട്ടാമ്പി, വൈക്കം, മാവേലിക്കര, നീണ്ടകര, കരുവേലിപ്പടിയിലെ മഹാരാജാസ്, പാനൂർ, ഉറവൂർ, ബാലുശ്ശേരി എന്നിവടങ്ങളിലെ താലൂക്ക് ആശുപത്രികൾ എന്നിവയുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിന് അടിയന്തിര മുൻഗണന നൽകുന്നതായും പ്രഖ്യാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ